ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും തമ്മിലുള്ള ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

   Prime Minister Narendra Modi is currently holding bilateral talks with his Belgian counterpart Bart De Wever in New Delhi.

2. ജനാധിപത്യ മൂല്യങ്ങൾ, നിയമാനുസൃതമായ ആഗോള ക്രമം എന്നിവയിൽ അധിഷ്ഠിതമായ സുദീർഘ ബന്ധമാണ് ഇന്ത്യയും ബെൽജിയവും തമ്മിലെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്.

   Defence Minister Rajnath Singh today said that India and Belgium share warm and long-standing relations founded on democratic values, and a shared commitment to a rules-based global order.

3. ആഗോള പ്രതിസന്ധികൾക്കിടയിലും ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുന്നതായി ധനമന്ത്രി നിർമ്മലാ സീതാരാമൻ.

   India continues to be the world's fastest-growing major economy despite global disruptions and challenges said Finance Minister Nirmala Sitharaman.

4. കേരളത്തിൽ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.
   Notifications for by-elections to 38 local government wards in Kerala will be issued today.
5. ഉത്തരേന്ത്യയിൽ മഴ ശക്തം. ഒഡീഷയിൽ വീണ്ടും പ്രളയ ഭീഷണി.
   Heavy rain continues in North India. Odisha under flood threat again.
6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും.
   India will face Hong Kong today in the Women's T-20 Asia Cup cricket.

*****************

## DAY BELGIUM PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും തമ്മിലുള്ള ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്യും. വിവിധ ധാരണാ പത്രങ്ങളിലും ഒപ്പ് വച്ചേയ്ക്കും. രാവിലെ രാജ്ഘട്ടിൽ ബെൽജിയം പ്രധാനമന്ത്രി പുഷ്പാർച്ചന നടത്തി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിൻറെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ബെൽജിയം പ്രധാനമന്ത്രി മുഖ്യപ്രഭാഷണം നടത്തും. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെയാണ് ബെൽജിയം പ്രധാനമന്ത്രി ഡൽഹിയിലെത്തിയത്.

*******************

## RAJNATH - BELGIUM DEF MIN (INTRO)

പരസ്പര ബഹുമാനം, ജനാധിപത്യ മൂല്യങ്ങൾ, നിയമങ്ങൾക്കനുസൃതമായ ആഗോള ക്രമം എന്നിവയിൽ അധിഷ്ഠിതമായ ഊഷ്മളവും സുദീർഘവുമായ ബന്ധമാണ് ഇന്ത്യയും ബെൽജിയവും തമ്മിലുള്ളതെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. ബെൽജിയം പ്രതിരോധ മന്ത്രി തിയോ

ഫ്രാങ്കനുമായി നടത്തിയ പ്രതിനിധി തല ചർച്ചയ്ക്കിടയിലാണ് ശ്രീ സിംഗ് ഇങ്ങനെ വ്യക്തമാക്കിയത്. ലോകം വലിയ ഭൗമരാഷ്ട്രീയ, സാമ്പത്തിക പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നതെന്നും ഈ വെല്ലുവിളികളെ കൃത്യമായി കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്..........)**

ഉയർന്ന ജനസംഖ്യയും അത്യാധുനിക സാങ്കേതികവിദ്യയുമുള്ള ഇന്ത്യയുമായി ഭാവി പദ്ധതികളിൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്ന് ബെൽജിയം പ്രതിരോധ മന്ത്രി പറഞ്ഞു.

*******************

## SITHARAMAN-INDIA-REFORM

ആഗോള പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കും ഇടയിലും ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുന്നതായി ധനമന്ത്രി നിർമ്മലാ സീതാരാമൻ. 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യ കൈവരിച്ച 7.8 ശതമാനം സാമ്പത്തിക വളർച്ചയും മെച്ചപ്പെട്ട നിക്ഷേപ അന്തരീക്ഷവും ന്യൂയോർക്കിൽ നടന്ന ഉന്നതതല ബിസിനസ്സ് റൗണ്ട് ടേബിളിൽ കേന്ദ്ര ധനമന്ത്രി ഉയർത്തിക്കാട്ടി. വ്യോമയാന മേഖലയിൽ അടക്കം അടിസ്ഥാന സൗകര്യ വികസനത്തിലൂടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിനുമാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും ധനമന്ത്രി വ്യക്തമാക്കി.

*******************

## PRALHAD JOSHI - MEETINGS

സ്കൂൾ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ അടുത്ത ഘട്ടത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷി സ്കൂൾ വിദ്യാഭ്യാസ സാക്ഷരതാ വകുപ്പ് സെക്രട്ടറിയുമായി ചർച്ചനടത്തി. പഠനത്തിന്റെ അടിത്തറ

ശക്തിപ്പെടുത്തുക, നവീകരണം പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസ സമ്പ്രദായം മെച്ചപ്പെടുത്തുക എന്നിവയിലാണ് ചർച്ച ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് ശ്രീ ജോഷി സമൂഹമാധ്യമത്തിൽ അറിയിച്ചു. നടക്കാനിരിക്കുന്ന പരീക്ഷകളുടെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്രമന്ത്രി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുമായും യോഗം ചേർന്നു.

*******************

## LEGAL METROLOGY - IST RULES

'ലീഗൽ മെട്രോളജി ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം റൂൾസ്, 2026' കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. രാജ്യത്ത് പൊതുവായതും നിയമപരമായി അംഗീകരിക്കപ്പെട്ടതുമായ സമയക്രമമായി ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം ഉപയോഗിക്കുന്നതിന് ഈ നീക്കം സഹായകമാകും. "ഒരൊറ്റ രാജ്യം, ഒരൊറ്റ സമയം" എന്ന കാഴ്ചപ്പാടിനെ പിന്തുണയ്ക്കുന്നതാണ് പുതിയ വിജ്ഞാപനം.

*******************

## By-election

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ഈ മാസം 28 നാണ് ഉപതിരഞ്ഞെടുപ്പ്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറുമണി വരെയാണ് വോട്ടെടുപ്പ്. 29 നാണ് വോട്ടെണ്ണൽ. നാമ നിർദ്ദേശ പത്രിക ഇന്ന് മുതൽ ഈ മാസം 10 വരെ സമർപ്പിക്കാം.

*******************

## MULLAPERIYAR

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്ര സുരക്ഷാ പരിശോധനയ്ക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കാമെന്ന് സുപ്രീം കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി. കേരളത്തിൻറെ ആവർത്തിച്ചുള്ള ആവശ്യത്തെ തുടർന്നാണ് യോജിപ്പ് അറിയിച്ചത്. അണക്കെട്ടിൻറെ പ്രളയ സുരക്ഷ, ഘടനാപരമായ സ്ഥിതി, ഭൂകമ്പ സാധ്യത, സീപ്പേജ് സംബന്ധിച്ച വിഷയങ്ങൾ എന്നീ പരിശോധനകളാണ് കേരളം ആവശ്യപ്പെട്ടത്.

*******************

## TEXTILES- MOU PARIS

ആഗോള വിപണികളിൽ ഇന്ത്യൻ തുണിത്തരങ്ങളും കരകൗശലവസ്തുക്കളും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ കരാറുകളിൽ ഒപ്പുവെച്ച് ഇന്ത്യയും ഫ്രാൻസും. ടെക്സ്റ്റൈൽ, ഫാഷൻ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താൻ പാരീസിൽ വെച്ച് ഒപ്പുവെച്ച കരാറിലൂടെ സാധിക്കുമെന്ന് ടെക്സ്റ്റൈൽ മന്ത്രാലയം വ്യക്തമാക്കി. ഭാരത് ടെക്സ് ട്രേഡ് ഫെഡറേഷനും പ്രീമിയർ വിഷൻ സൊസൈറ്റി അനോണിമും ഇതുസംബന്ധിച്ച ധാരണാപത്രം കൈമാറി.

*******************

## ISRO -SATELLITE(INTRO

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55ന് GSLV– F17 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യത്തെ ഇമേജിങ് ഉപഗ്രഹമാണിത്. രാജ്യത്തിന്റെ ഭൗമനിരീക്ഷണ ശേഷി ശക്തിപ്പെടുത്താനും സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ഈ ദൗത്യത്തിലൂടെ സാധിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ പറഞ്ഞു.

**(ഹോൾഡ് വോയ്സ്...)**

*******************

## IMD - WEATHER

ഉത്തരേന്ത്യയിൽ മഴ ശക്തം. ഇന്ന് കിഴക്കൻ മധ്യപ്രദേശിലെ ചില സ്ഥലങ്ങളിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അടുത്ത മൂന്ന് ദിവസം പശ്ചിമ ബംഗാളിലെ ഹിമാലയൻ മേഖല, സിക്കിം, വിദർഭ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ചണ്ഡീഗഡ്, ബീഹാർ, ഛത്തീസ്ഗഡ്, മധ്യപ്രദേശ് എന്നിവടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

*******************

## Odisha flood

ഒഡീഷയിലെ ബാലസോർ ജില്ലയിൽ സുബർണരേഖ നദി കരകവിഞ്ഞൊഴുകുന്നതിനെത്തുടർന്ന് വടക്കൻ ഒഡീഷയിൽ വീണ്ടും പ്രളയ ഭീഷണി. രാജ്ഘട്ടിൽ നദി അപകടനിലയ്ക്ക് മുകളിലാണ് ഒഴുകുന്നത്. ജാർഖണ്ഡിലെ ഗലുദിഹ് ബാരേജിൽ നിന്ന് വെള്ളം തുറന്നുവിട്ടതാണ് ജലനിരപ്പ് ഉയരാൻ കാരണം. നിരവധി ഗ്രാമങ്ങളിൽ വെള്ളം കയറിയത് റോഡ് ഗതാഗതം തടസ്സപ്പെടുത്തുകയും ജനജീവിതത്തെ സാരമായിബാധിക്കുകയും ചെയ്തു.

*******************

## NEPAL FLOOD

പ്രളയക്കെടുതികൾ നേരിടുന്ന നേപ്പാളിന് രക്ഷാ - ദുരിതാശ്വാസ സഹായം തുടർന്ന് ഇന്ത്യ. വ്യോമസേനയുടെ അഞ്ചാമത്തെ വിമാനം കാഠ്മണ്ഡുവിലെത്തി. ഇതുവരെ 74 ടൺ ദുരിതാശ്വാസ സാമഗ്രികൾ നേപ്പാളിലെത്തിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,250 ആയി. ഡിഎൻഎ സാമ്പിളുകൾ പരിശോധിക്കുന്നതിന് ഇന്ത്യയിൽ നിന്നുള്ള ഫോറൻസിക് സംഘം കാഠ്മണ്ഡുവിലെ രണ്ട് ലബോറട്ടറികളിൽ പ്രവർത്തിക്കുന്നുണ്ട്.

*******************

## CRICKET-WOMENS ASIA CUP

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ തായ്‌ലൻഡിനെ 94 റൺസിന് തകർത്ത ഇന്ത്യക്ക് ഇന്നു വിജയിച്ചാൽ സെമി ഫൈനൽ ഉറപ്പാക്കാം.

*******************

## SPO-BADMINTON

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻതാരം കിഡംബി ശ്രീകാന്ത് പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ലോക ഒൻപതാം റാങ്കുകാരനായ കാനഡയുടെ വിക്ടർ ലായിയെയാണ് ശ്രീകാന്ത് പരാജയപ്പെടുത്തിയത്. ക്വാർട്ടറിൽ ഹോങ്കോങ്ങിന്റെ ലീ ച്യൂക് യു ആണ് എതിരാളി.

വനിതാ സിംഗിൾസ് രണ്ടാംറൗണ്ടിൽ ഇന്ത്യയുടെ യുവതാരം തൻവി ശർമ്മ ജപ്പാൻ താരത്തോട് പരാജയപ്പെട്ടു.

*******************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 171 പോയിന്റ് ഉയർന്ന് 76,741 ലും നിഫ്റ്റി 44 പോയിന്റ് നേട്ടത്തിൽ 23,958 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവില ഉയർന്നു. പവന് 2,440 രൂപ വർധിച്ച് ഒരു ലക്ഷത്തി 13,920 രൂപയും ഗ്രാമിന് 14,240 രൂപയുമാണ് ഇന്നത്തെ വില.

*******************

## ED - KOLKATA SEARCHES

കോഹിനൂർ പവർ പ്രൈവറ്റ് ലിമിറ്റഡുമായി ബന്ധപ്പെട്ട 290 കോടി രൂപയുടെ ബാങ്ക് തട്ടിപ്പ് കേസിൽ കൊൽക്കത്തയിലുള്ള 11 ഇടങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പരിശോധന നടത്തുന്നു. ഝാർഖണ്ഡിൽ 66 മെഗാവാട്ട് പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കോഹിനൂർ ഗ്രൂപ്പിന്റെ വ്യക്തിഗത ആവശ്യങ്ങൾക്കായി വകമാറ്റി ഉപയോഗിച്ചതായാണ് ആരോപണം.

*******************

## US BIRTH CITIZENSHIP

അമേരിക്കയിൽ ജന്മാവകാശ പൗരത്വം നിയന്ത്രിക്കാനുള്ള പ്രസിഡൻറ് ട്രംപിൻറെ നീക്കം ഭരണഘടനാ ലംഘനമാണെന്ന കുടിയേറ്റാവകാശ പ്രവർത്തകരുടെ വാദത്തെ അനുകൂലിച്ച് യു.എസ് ഡിസ്ട്രിക്റ്റ് കോടതി. മാതാപിതാക്കളുടെ കുടിയേറ്റ പദവി പരിഗണിക്കാതെ അമേരിക്കൻ മണ്ണിൽ

ജനിക്കുന്ന കുട്ടികൾക്ക് പൗരത്വം ഉറപ്പുനൽകുന്ന 14-ാാം ഭരണഘടനാ ഭേദഗതിയെ ലംഘിക്കുന്ന ട്രംപിന്റെ ആദ്യ എക്സിക്യൂട്ടീവ് ഉത്തരവിനതിരെ യു.എസ് പരമോന്നതകോടതി സ്റ്റേ നൽകിയിരുന്നു. അതിനു തൊട്ടുപിന്നാലെയാണ് പ്രസിഡന്റ് ട്രംപ് ഓഗസ്റ്റ് 6-ന് പുതുക്കിയ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചത്.

*******************

## PM - UTTAM KUMAR

നടനും ചലച്ചിത്ര നിർമ്മാതാവുമായ ഉത്തം കുമാറിന്റെ ജന്മശതാബ്ദിയിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാലാതീതമായ പ്രകടനങ്ങളിലൂടെ തലമുറകളായി പ്രേക്ഷകരെ ഹൃദയത്തോട് ചേർത്തുനിർത്തുന്ന പ്രതിഭയായിരുന്നു 'മഹാനായക്' ഉത്തം കുമാർ എന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

*******************

*********

***